# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2681 17.10.2016 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം - ആളിയാർ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തമിഴ് നാട്ടുമായുള്ള കരാർ പ്രകാരം പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് എത്ര അളവ് ജലമാണ് ലഭിക്കേണ്ടത് ; ഈ വർഷം ലഭ്യമാക്കിയ ജലത്തിന്റെ അളവ് വ്യക്തമാക്കാമോ? | (എ) പറമ്പിക്കുളം - ആളിയാർ അന്തർസംസ്ഥാന നദീജല കരാർ പ്രകാരം ഒരു ജലവർഷം 19550 എം.സി.എഫ്.ടി. ജലമാണ് മണക്കടവിലും കേരളഷോളയാറിലുമായി കേരളത്തിന് ലഭിക്കേണ്ടത്. മണക്കടവ് വിയറിൽ 7250 എം.സി. എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി. യുമാണ് കേരളത്തിന്റെ വിഹിതം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനതുനീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്.<br><br>നടപ്പ് (2016-17) ജലവർഷത്തിൽ മണക്കടവ് വിയറിൽ 2016 സെപ്റ്റംബർ 30 വരെ 1134 എം.സി.എഫ്.ടി. ജലമാണ് ലഭിച്ചിരിക്കുന്നത്. ഈ കാലയളവിൽ 1880 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടിയിരുന്നത്. കേരള ഷോളയാറിൽ സെപ്റ്റംബർ 1-ന് നിലനിർത്തേണ്ട ജലനിരപ്പ് 2663 അടിയാണ്. എന്നാൽ നിലനിർത്തിയത് 2651.4 അടിയാണ്. ഇതിന് ആനുപാതികമായി 1073 എം.സി.എഫ്.ടി. ജലത്തിന്റെ കുറവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ